## ഗവ: ഹൈസ്കൂൾ, ബാനം

# മലർവാടി

## ഡിജിറ്റൽ മാഗസിൻ.


പി.ഒ പരപ്പ,വഴി നീലേശ്വരം.

പിൻ– 671 533

**E Mail-12075banam@gmail.com**

**phone: 0467 2255533**


**ലിറ്റിൽ കൈറ്റ്സ്,ബാനം.**

## എഡിറ്റോറിയൽ ബോർഡ്

**കെ.ടി ഗോവിന്ദൻ** (ഹെഡ് മാസ്റ്റർ )
പി കെ.ബാലചന്ദ്രൻ
ശാലിനി  കെ
രാജൻ കെ കെ
ടി വി പവിത്രൻ
മുഹമ്മദ് സഫ്‌വാൻ
ഗ്രീഷ്മ
ആർദ്ര രാജ്
സിഞ്ജന സുധീഷ്

# താളുകൾ മറിക്കുമ്പോൾ......


| | | |
|---|---|---|
| കഥ | **അനുഭമയും മുത്തുമണിയും** | **ഗായത്രി അശോകൻ** |
| ഉപന്യാസം | **നവകേരളസൃഷ്ടി** | **നീഹാര.ടി.ടി** |
| കവിത | **പാലമായിരുന്നമ്മ** | **സിംന.എം** |
| കവിത | **അമ്മയെ പോലെ അമ്മ മാത്രം** | **ശാമില .എൻ.എസ്** |
| ഉപന്യാസം | **നവകേരള നിർമിതിയിൽ കുട്ടികളുടെ പങ്കാളിത്തം** | **സിനിമോൾ.കെ** |
| കവിത | **അരുത് മഴയെ...** | **ആനന്ദ് ഗീത്.കെ.എം** |
| ലേഖനം | **നവകേരള സൃഷ്ടി എന്റെ ഭാവനയിൽ** | **അനന്യ വി ജെ** |
| ബാലകവിത | **മണ്ണും മഴയും** | **അലൈജിത്ത** |
| ഉപന്യാസം | **നവകേരള നിർമ്മിതിയിൽ കുട്ടികളുടെ പങ്കാളിത്തം** | **അദ്വൈത്** |
| കവിത | **വേഗമുറങ്ങു** | **ഗായത്രി അശോകൻ** |
| ഓർമ്മക്കുറിപ്പ് | **പ്രളയം തീരാത്ത കണ്ണീരോർമ്മ...** | **രഞ്ജിഷ.പി** |
| ബാലകവിത | **എന്റെ കവിത** | **നേഹ** |
| ബാലകവിത | **എന്റെ ബന്ധു** | **ഫസൽ.പി.കെ** |
| കവിത | **ഏഴ് കവിതകൾ** | **ഗ്രീഷ്മ കെ എം** |
| കവിത | **മരം** | **ആരാദ്യ രാജ്.എം** |
| ഉപന്യാസം | **നവകേരള സൃഷ്ടിക്കായി...** | **സ്വാതി ലക്ഷ്മി** |
| ബാലകഥ | **ചിന്നുക്കുരുവിയുടെ പിറന്നാൾ** | **നേഹ** |
| ഉപന്യാസം | **നവകേരളം** | **അനന്യ.കെ** |
| കവിത | **മഞ്ഞു തുള്ളി** | **ശ്രീലക്ഷ്മി.കെ** |
| കവിത | **പ്രകൃതി സുന്ദരി** | **ആർദ്രാരാജ്.എം** |
| ആസ്വാദനക്കുറിപ്പ് | **പൂച്ചക്കുട്ടികളുടെ വീട്** | **ഗായത്രി അശോകൻ** |
| കവിത | **പ്രാണന്റെ വെള്ള നൂൽ** | **ഹൃദിക** |
| കവിത | **കാത്തിരുപ്പ്** | **സിൻജന സുധീഷ്** |

<u>കഥ</u>

# അനുഭമയും മുത്തുമണിയും

**ഗായത്രി അശോകൻ**
ആറാം ക്ലാസ്സ്

അനുഭമയാണ് എന്റെ കഥയിലെ നായിക. അവൾക്ക് മഴ എന്ന് പറഞ്ഞാൽ ജീവനാണ്. പക്ഷെ ഇപ്പോൾ വേനൽ കാലമാണ്. അവൾ മഴക്കാലം വരാൻ കാത്തിരിക്കുകയാണ്. അവൾക്ക് ഒരു കൂട്ടുകാരി പൂച്ചയുണ്ടായിരുന്നു. അതിന്റെ പേര് മുത്തുമണി എന്നാണ്. മുത്തുമണിക്കും മഴ ഇഷ്ടമാണ്. ഇവർ രണ്ടാളും മഴക്കാലത്തിന് കാത്തിരിപ്പു തന്നെ. അനുഭമയുടെ അച്ഛനമ്മമാർക്ക്മുത്തുമണിയെ ഇഷ്ടമല്ല. അച്ഛൻ ജോലി കഴിഞ്ഞു വരുമ്പോൾ മുത്തുമണിയെ ഒരുപാട് ഉപദ്രവിക്കും. എന്നാലും മുത്തുമണി എല്ലാം സഹിക്കും.അനുഭമ എല്ലാ ദിവസവും സ്കൂളിൽ പോകുന്നതിന് മുമ്പ് മുത്തുമണിക്കു പലഹാരങ്ങൾ കൊടുക്കും.അനുഭമ സ്കൂൾ വിട്ട് വരുന്നത് വരെ മുത്തുമണി ഒന്നും തിന്നില്ല.

കുറേ മാസങ്ങൾക്ക് ശേഷം അങ്ങനെ മഴക്കാലം വന്നു. മുത്തുമണിക്കും അനുഭമയ്ക്കും സന്തോഷത്തിന്റെ നാളുകൾ എത്തി. അനുഭമയുടെ വീടിന്റെ താഴെ ഒരു വലിയ തോട് ഉണ്ടായിരുന്നു. വേനൽകാലത്ത് ആ തോട് വറ്റിവരണ്ടിരുന്നു. മഴക്കാലം ആയത് കൊണ്ട് ഇപ്പോൾ തോട് കവിഞ്ഞൊഴുകുന്നു. അമ്മയോടും അച്ഛനോടും തോട്ടിൽ പോകട്ടേ എന്ന്ചോദിക്കും. പക്ഷെ അവർ വിടില്ല. അവസാനം അനുഭമ വാശിക്ക് കരയും. കരച്ചിൽ സഹിക്കാനാവാതെ അവർ സമ്മതിക്കും.

ഒരിക്കൽ അനുഭമയും മുത്തുമണിയും തോട്ടിൽ കുളിക്കാൻ പോയപ്പോൾ തോട്ടിൽ ഒഴുകിപോകാൻ പാകത്തിൽ വെള്ളമുണ്ടായിരുന്നു. അനുഭമയ്ക്കും മുത്തുമണിക്കും നീന്താൻ അറിയുമായിരുന്നു. അനുഭമ മുത്തുമണിയോട് പറഞ്ഞു. നീ ഇവിടെ നിൽക്ക് ഞാൻ നോക്കിയിട്ട്

വേഗം വരാം എന്ന്. കുറേ സമയമായി. അനുഭമയെ കാണുന്നില്ല. മുത്തുമണി തോട്ടിൽചാടി. അനുഭമയെ നോക്കി നീന്തി. കുറച്ചു ദൂരം ചെന്നപ്പോൾ അനുഭമയുടെ കരച്ചിൽ കേട്ടു. മുത്തുമണി ബുദ്ധിശാലി ആയിരുന്നു. മുത്തുമണി ശബ്ദം വരുന്ന ഭാഗത്തേക്ക് നീന്തിപ്പോയി. അവസാനം അനുഭമയെ മുത്തുമണി കണ്ടു. മുത്തുമണി അവളെ കരക്ക് കയറ്റാൻ ശ്രമിക്കുമ്പോൾ അനുഭമയുടെ മാതാപിതാക്കൾ അവിടെ എത്തി. അനുഭമ അച്ഛനമ്മമാരോട് മുത്തുമണിയാണ് രക്ഷിച്ചതെന്നു പറഞ്ഞു. ഇത് കേട്ടപ്പോൾ അച്ഛനും അമ്മയ്ക്കും കുറ്റബോധംതോന്നി. അവർ രണ്ടു പേരും മുത്തുമണിയെ മാറി മാറി എടുത്തു തലോടി. മുത്തുമണിക്കും അനുഭമയ്ക്കും സന്തോഷമായി. ആ സന്തോഷത്തിൽ അച്ഛനും അമ്മയും ഒരു പാട്ട്പാടി.

അനുഭമയ്ക്കുണ്ടൊരു കുഞ്ഞു പൂച്ച
പഞ്ഞികണക്കൊരു നല്ല പൂച്ച
പാലുകുടിച്ചിട്ട് നക്കിത്തുടച്ചിട്ട്
മ്യാവൂ പാടുന്ന കുഞ്ഞു പൂച്ച
എന്റെ നല്ല മുത്തുമണി
അനുഭമയുടെ സ്വന്തം മുത്തുമണി.

--------

**ഉപന്യാസം**

## <u>നവകേരള സൃഷ്ടി എന്റെ ഭാവനയിൽ...</u>

**നീഹാര.ടി.ടി**
പത്താം ക്ലാസ്സ്

1956 നവംബർ 1 ന് കേരളത്തിൽ 63 വയസ്സാകുന്നു. ദൈവത്തിന്റെ നാടായ നമ്മുടെ കേരളം 2018 ആഗസ്റ്റ്,സെപ്തംബർ മാസങ്ങളിൽ മരിച്ചു കഴിഞ്ഞു. കേരള ജനത യേശുവിന്റെ ഉയർത്തെഴുന്നേൽപ്പ് പോലെ നാം കേരളത്തേയും കൈപിടിച്ചു യർത്തുന്നു. നമുക്ക് ഒരു പുതിയ കേരളത്തെ സൃഷ്ടിക്കാം.

ആഗസ്റ്റ് 14–ന് രാത്രി നമ്മുടെ നദികൾ കരകവിഞ്ഞൊഴി. കേരള ജനതയെ ഒന്നാകെ നടുക്കിയ ആ സംഭവം ഓർക്കാതിരി ക്കുന്നതാണ് നല്ലത്. മുടി അഴിച്ച് ഭ്രാന്തിയെ പോലെ അവൾ വന്നണഞ്ഞു. അമിതമായ വിശപ്പാൽ അവൾ കേരളത്തെ ഒന്നാകെ വിഴുങ്ങി. ആ സമയത്ത് വിശ്വാസങ്ങളും ആചാരങ്ങളും നോക്കുകുത്തിയായി നിന്നു. ശാസ്ത്രം നമ്മെ രക്ഷിച്ചു. നാം തള്ളി പറയുന്ന മുക്കുവർ ഓടിയെത്തി നമ്മെ രക്ഷിക്കാനായി. ഇതിനുപകരം അവർ പ്രതിഫലം സ്വീകരിച്ചില്ല. ഇതിൽ നിന്ന് ജീവനാണ് പ്രധാനം പണമല്ല എന്ന് നാം മനസ്സിലാക്കി. ആ പ്രളയത്തിലൂടെ കേരള ജനതയ്ക്ക് ഐക്യവും സാഹോദര്യവും വന്നുചേർന്നു. എന്നാലും നമ്മുടെ കേരളം മരിച്ചു. വികസിച്ചു കൊണ്ടു നിൽക്കുന്ന നമ്മുടെ സംസ്ഥാനത്തെ ദാരിദ്ര്യത്തിലേക്ക് കൊണ്ടു പോയത് ആ പ്രളയമാണ്. നാം ഏവരും ശപിക്കുന്ന, ഓർക്കാൻ ഇഷ്ടപ്പെടാത്ത പ്രളയമാണ്.

നമുക്കിപ്പോൾ വേണ്ടത് പുതിയ കേരളമാണ്. ഇതിനായി നമുക്കിനി എന്ത് കൊണ്ട്മരങ്ങൾ വച്ചു കൂടാ? നമ്മുടെ കേരളത്തെ ഹരിതാഭമാക്കാം. വൈദ്യുതി നമുക്ക് ആവിശ്യമാണ്. എന്നാലും നാം അമിതമായി വൈദ്യുതി പാഴാക്കാതിരിക്കുക. കാരണം മരിക്കുന്നത് നമ്മുടെ പുഴകളാണ്. പുഴയുടെ ഒഴുക്കിനെ തടയുന്ന തടയണകൾ നമുക്ക് വലിച്ചെറിയാം. അനാവശ്യത്തിനായി നാം പണിത ഡാമുകൾ തകർക്കാം. ആവിശ്യത്തിനു മാത്രം ബിൽഡിങ്ങുകൾ പണിയാം. എന്തെന്നാൽ ഓരോ കെട്ടിടവും പണിയുന്നത് പുഴയുടെ ശാപത്തിൽ നിന്നാണ്. അല്ലെങ്കിൽ മണലിന് പകരം പരിസ്ഥിതിക്ക് ദോഷകരമാകാത്ത വസ്തുക്കൾ കണ്ടുപിടിക്കാം. പ്ലാസ്റ്റിക്കുകൾ ഇനി പുതുതായി നി ർമിക്കാതെ ഉപയോഗിച്ച പ്ലാസ്റ്റിക്കുകളാൽ തന്നെ പുനഃചംക്രമണത്തിന് വിധേയമാക്കാം. സെപ്റ്റംബർ 16 ന് നാം ഓസോൺ ദിനം എന്ന് പറയുന്നു. നാം ഇത് ദിനമായി മാത്രം ഒതുക്കാതെ നമ്മുടെ ഓസോൺ പാളിക്ക് ഹാനികരമായ CFC യുടെ അളവ് കുറയ്ക്കാം. നമ്മുടെ അന്തരീക്ഷ ഘടനയുടെ അടിത്തറ തന്നെ നഷ്ടപ്പെടുത്തുന്ന ക്ലോറിൻ വാതകങ്ങൾക്ക് പകരം ഇതേ ഗുണം പ്രകടമാക്കുന്ന വാതകങ്ങൾ ഉപയോഗിക്കുക. നമുക്ക് വയലുകളിലേക്ക് ഇറങ്ങാം. കൃഷി ചെയ്യാം. രാസവളങ്ങൾ ഉപയോഗിക്കാതെ ജൈവവളത്താൽ നമ്മുടെ കൃഷിയെ ത്വരിതപ്പെടുത്താം. നമ്മുടെ പിൻഗാമികൾ നമുക്കായി ഒരു നല്ല കേരളത്തെ പുതുതലമുറയ്ക്കായി കാഴ്ച വയ്ക്കാം.

നാം ഏവരും പ്രസംഗത്തിൽ പറയുകയും മനസിൽ സ്വപ്നം കാണുകയും ചെയ്യുന്ന എങ്ങും മരങ്ങളും പച്ചപ്പും നിറഞ്ഞ കളകളരവത്താൽ പതഞ്ഞൊഴുകുന്ന പുഴകളും, പക്ഷികളുടെ കലപിലശബ്ദവും, കുയിലിന്റെ പാട്ടും, മയിലിന്റെ നൃത്തവും, മാമ്പഴക്കാലത്ത് നാം കുട്ടികൾ പഴുത്ത മാമ്പഴം ചോദിക്കുന്ന അണ്ണാരക്കണ്ണനും എല്ലാം അടങ്ങുന്ന ഒരു കേരളം.

നമ്മുടെ കേരളത്തിൽ ഇനി പട്ടിണി വേണ്ട. ദാരിദ്ര്യം വേണ്ട. തെരുവിൽ ഭിക്ഷയാചിക്കുന്നവർക്കും പാവങ്ങൾക്കുമായി വൃദ്ധാസദനം പോലെ ഒരാശ്രമം പണിയാം. അവർക്ക് ഭക്ഷണം നൽകാം. ദാരിദ്ര്യരാഷ്ട്രപട്ടികയിൽ നിന്ന് നമുക്ക് നമ്മുടെ കേരളത്തെ മുക്തരാക്കാം.

തമ്മിൽ തർക്കമില്ലാതെ, പ്രകൃതിയെ സ്നേഹിച്ച് ആരും കണ്ടാലിഷ്ടപ്പെടുന്ന ചെകുത്താന്റെ നാടായി മാറി എന്ന വാചകത്തിൽ നിന്നും വീണ്ടും ദൈവത്തിന്റെ നാടായി നമുക്ക് നമ്മുടെ കേരളത്തെ പ്രളയത്തിൽ നിന്ന് കൈപിടിച്ചുയർത്താം. രാജ്യത്തിലെ ഏറ്റവും നല്ല സംസ്ഥാനമായി നമുക്ക് മാറ്റിയെടുക്കാം. എല്ലാ കുട്ടികൾക്കും വിദ്യാഭ്യാസമുള്ള ഒരു നല്ല സംസ്ഥാനമായി കേരളത്തെ മാറ്റിയെടുക്കാം.

***

**കവിത**

# പാലമായിരുന്നമ്മ

**സിംന.എം**
ഒമ്പതാം ക്ലാസ്സ്

ഞങ്ങൾ സഹോദരങ്ങൾക്കിടയിൽ
അമ്മ ഒരു പാലമായിരുന്നു.
എപ്പോഴും അതിലൂടെ
തടസ്സമില്ലാതെ ഓടിക്കൊണ്ടിരുന്നു
ചുവപ്പും പച്ചയും വിളക്കുകൾ ഇല്ലാതെ
ഞങ്ങടെ മാത്രം തീവണ്ടി
അച്ഛനുശേഷം
ഞങ്ങൾ സഹോദരങ്ങൾക്കിടയിൽ
പാലമായിരുന്നു അമ്മ.
പെട്ടെന്ന് തകർന്നില്ല
പതിയെ പതിയെ ക്ഷീണിച്ചു വന്നു.
ഞങ്ങൾ കണ്ടു കൊണ്ടിരുന്നു..
അറിഞ്ഞു കൊണ്ടിരുന്നു
വൃദ്ധയായി കൊണ്ടിരുന്നമ്മ
അമ്മയുടെ വീണ്ടു വീണ്ടുമുള്ള പറച്ചില്ലിനെ
ഞങ്ങൾ മനസ്സിലാക്കി നടന്നിരുന്നു.

***

**കവിത**

# അമ്മയെ പോലെ

# അമ്മ മാത്രം

**ശാമില .എൻ.എസ്**

ഏഴാം ക്ലാസ്

എൻ അമ്മയെ പോലെ
അമ്മ മാത്രം
അമ്മ തൻ ഗർഭപാത്രം വീണ്ടും
ഞാൻ കയറിച്ചെല്ലാൻ കൊതിക്കുന്നിടം
അമ്മ തൻ സ്നേഹം
ഒരിക്കലും നിലയ്ക്കാത്ത ഭാഗ്യം
ഒരു ജന്മം പോരാ...
ഒരു യുഗം പോരാ...
എൻ അമ്മ തൻ സ്നേഹത്തിനു മുന്നിൽ
കൈകൂപ്പാൻ
അമ്മയാണെൻ ദൈവം
അമ്മയാണെൻ സ്വർഗം

********

**ഉപന്യാസം**

# നവകേരള നിർമിതിയിൽ കുട്ടികളുടെ പങ്കാളിത്തം

**സിനിമോൾ.കെ**

എട്ടാം ക്ലാസ്സ്

**നാം** ചെയ്യേണ്ടത് നമുക്കുവേണ്ടി...

കേരളം ഇന്ന് പുനർനിമിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഈ കഴിഞ്ഞ രണ്ടു വർഷങ്ങളിലായി നാം നേരിടുന്നത് അതിതീവ്രമായ പ്രളയത്തെയാണ്. 2018 ആഗസ്റ്റിൽ പ്രളയം കേരളത്തെ അട്ടിമറിച്ചു. അതിൽ നിന്ന് കരകേറിയ കേരളത്തെ 2019 ൽ പ്രളയം വീണ്ടും വിഴുങ്ങി. നാമിന്ന് നവകേരളം പടുത്തുയർത്തുകയാണ്. നവകേരളനിർമിതിയിൽ പ്രധാന പങ്കുവഹിച്ചത് കുട്ടികൾ തന്നെയാണ്. ദുരിതാശ്വാസഫണ്ടു കളിലേക്കും മറ്റ് സഹായസഹകരണ പ്രവർത്തനങ്ങളിലേക്കും കുട്ടികൾ സംഭാവന നൽകി സഹായിച്ചു.

കേരളത്തിന്റെ പുനനിർമിതിയിൽ നാമോരോരുത്തരും പങ്കാളികളായിട്ടുണ്ട്. പുസ്തകങ്ങൾ നഷ്ടപ്പെട്ടവർക്ക് അതു നൾകി സഹായിച്ച ഒട്ടേറെ കുട്ടികളെ നമുക്കറിയാം. കേരളം നമ്മുടേതാണ്. നാളെ നമ്മളാണ് കേരളത്തെ സംരക്ഷിക്കേണ്ടത്. രണ്ടു വർഷങ്ങളിലെയും പ്രളയത്തിനു കാരണം മനുഷ്യൻ തന്നെയാണ്. അതിന് പ്രായശ്ചിത്തം ചെയ്യേണ്ടത് മനുഷ്യൻ തന്നെയാണ്. ഇനിയൊരു പ്രളയം കൂടി താങ്ങേണ്ടകരുത്ത് കേരളത്തിനുണ്ടാകില്ല. നാളത്തെ കേരളം നന്മയുള്ളതാകണം.

പ്രളയം വന്നത് കൊണ്ട് മനുഷ്യന് ഉപദ്രവത്തോടൊപ്പം ഉപകാരവുമുണ്ട്. മനുഷ്യൻ മനുഷ്യനെ തന്നെ തിരിച്ചറിയുന്നതിന് ഒരു പ്രളയം വേണ്ടി വന്നു. കേരളം പുനർനിർമിക്കുന്നത്

കുട്ടികളുടെ കൂടി ഒരു ചുമതലയാണ്. ഒരോ മനുഷ്യനും കേരളത്തെ നശിപ്പിക്കുന്ന സന്ദർഭത്തിൽ കുട്ടികളാണ് മാതൃകയാവേണ്ടത്. പ്രളയം കേരളത്തെ ആട്ടിയുലച്ചപ്പോൾ ദുരിതാശ്വാസങ്ങളിൽ കുട്ടികളും പങ്കുചേർന്നിരുന്നു. കാസർഗോഡ് ജില്ല ഒഴികെ മറ്റെല്ലാം ജില്ലകളിലും പ്രളയജലം കയറിയിറങ്ങി വന്നപ്പോൾ നമ്മൾ മാധ്യമങ്ങളിലൂടെ അത് കണ്ടു.

പുതുതലമുറ മറ്റുള്ളവർക്ക് മാതൃകയായി തന്നെ നിലകൊള്ളണം. കേരളത്തെ പുനർനിർമിക്കാൻ ശ്രമിക്കണം. കേരളംഎന്ന ദൈവത്തിന്റെ സ്വന്തം നാട് ഭാവിയിൽ ചെകുത്താന്റെ സ്വന്തം നാടായി മാറാൻ സാധ്യതയുണ്ട്. അംബികസുതൻ മാങ്ങാടിന്റെ "രണ്ടു മത്സ്യങ്ങൾ" എന്ന കഥയിൽ പറയുന്നപോലെ വികസനം എന്നത് മനുഷ്യന്റെ സന്തോഷത്തിന് വേണ്ടിയുള്ളതാണെന്ന് നമുക്ക് പ്രളയത്തിനുള്ള കാരണത്തിൽ നിന്ന് മനസിലാക്കാം. കേരളമെന്നത് ഓരോ കുട്ടികളുടെയും സ്വപ്നനാണ്. ഇന്ന് നമ്മൾ കഷ്ടപ്പെട്ടാൽ മാത്രമേ
അവർ അവരുടെ തലമുറയ്ക്കായി കഷ്ടപ്പെടുകയുള്ളൂ.

കുട്ടികളാണ് ഇപ്പോൾ കേരളത്തിന്റെ രക്ഷകരായത്. കുട്ടികളെ അനുഭവജ്ഞാനമുള്ളവരായി വളർത്തിയെടുക്കണം. കേരളമെന്ന മഹാസമുദ്രത്തെ രക്ഷിക്കാനായി കുട്ടികൾ കഴിയുന്നത്ര പരിശ്രമിക്കുന്നുണ്ട്. ഇന്നത്തെ കുട്ടികൾ നാളത്തെ പൗരൻമാരാണ്. കണ്ണിൽ കാണുന്നതല്ല പ്രളയം, അതനുഭവിക്കുക തന്നെ വേണം. അടുത്ത തലമുറയ്ക്കായി നമുക്ക് നമ്മുടെ ഈ ജീവിതം ഉഴിഞ്ഞുവെക്കാം......

***

**കവിത**

# അരുത് മഴയെ...

**ആനന്ദ് ഗീത്.കെ.എം**

നാലാം ക്ലാസ്

**മ**ഴയെ... ജീവദായകീ
നിനക്കെന്താണിത്ര ക്രോധം?
നിന്റെ മനസ്സിനെ ആരാണിത്ര
ക്രൂരയാക്കി മാറ്റിയത്...?

ഇക്കഴിഞ്ഞ രണ്ടിടവപ്പാതിയും
നീ എന്തിനാണ് ആർത്തലച്ച
പെയ്ത് ഈ കേരളത്തെ
പേടിപ്പിച്ചൂ... കരയിച്ചൂ...?

അരുത് മഴയെ... അരുത്...
നീയിനിയും കേരളത്തിൽ
പ്രളയം വരുത്തരുതേ...
ഞങ്ങളിനി ഭൂമിയമ്മയെ
സംരക്ഷിച്ചോളാം ...
സംരക്ഷിച്ചോളാം...

****

**ലേഖനം**

# നവകേരള സൃഷ്ടി എന്റെ ഭാവനയിൽ

**അനന്യ വി ജെ**

പത്താം ക്ലാസ്

നമ്മുടെ കേരളം ഇന്ന് നശിച്ചു. ഇനി കേരളമില്ല. പുതിയ ഒരു കേരളം വീണ്ടെടുക്കാൻ നമുക്ക് സാധിക്കുമോ? ഇന്ന് നമ്മുടെ കേരളത്തിന് 62–ാം പിറന്നാളാണ്. പക്ഷേ അതാഘോഷിക്കാൻ കേരളത്തിന് കഴിയില്ല. മനുഷ്യന്റെ അത്യാഗ്രഹമാണ് നമ്മുടെ കേരളത്തെ ഇന്ന് ഈ ഗതിയിൽ എത്തിച്ചത്. കളകളം ഒഴുകുന്ന തോട്ടും, പച്ചപ്പ് നിറഞ്ഞ പുൽമേടും, പച്ച വിരിച്ച് നിൽക്കുന്ന വയലുകളും ഇന്നില്ല. അതിനു പകരം കോൺക്രീറ്റ് കെട്ടിടങ്ങളും പ്ലാസ്റ്റിക്കുകളും മാത്രം. അതാണ് ഇന്ന് കേരളം.

ചങ്ങമ്പുഴയുടെ 'രമണ'നിൽ പ്രകൃതിയെക്കുറിച്ച് വാഴ്ത്തിപ്പാടുന്നു– 'മലരണിക്കാടുകൾ തിങ്ങി വിങ്ങി' എന്നും 'എവിടെത്തിരിഞ്ഞൊന്ന് നോക്കിയാലന്തവിടെല്ലാം പൂത്ത മരങ്ങൾ മാത്രം' എന്നും. പക്ഷെ ഇന്ന് അത് തെറ്റി. ഇന്ന് എവിടെ തിരിഞ്ഞ് നോക്കിയാലും പ്ലാസ്റ്റിക്ക കൂനകളും കെട്ടിടങ്ങളും മാത്രം. ഓരോ ദിവസം കഴിയുന്തോറും മനുഷ്യന്റെ അത്യഗ്രഹം കൂടിവരുകയാണ്. അതിനൊരു കുറവും ഉണ്ടാകുന്നില്ല. അതിനൊരു തിരിച്ചടിയാണ് നമുക്ക് വെള്ളപ്പൊക്കം ദൈവം തന്നത്.

നമ്മുടെ കേരളത്തെ വീണ്ടെടുക്കാൻ നമ്മുടെ മലയാളി ജനത ശ്രമിക്കുകയാണ്. വരും തലമുറയ്ക്ക് വേണ്ടി കെട്ടിപ്പടുക്കുകയാണ്. ദൈവം നമുക്ക് തന്ന പ്രകൃതിയെ നമ്മൾ ഇഞ്ചിഞ്ചായി

കൊന്നു. ഇനിയൊരു കേരളമുണ്ടായാൽ പഴയ മനോഹാരിത ഉണ്ടാകുമോ? ഉണ്ടായാലും മനുഷ്യൻ അതിനെ തകർക്കും. കളകളം ഒഴുകുന്ന തോട്ടം, പച്ച വിരിച്ച നെൽപ്പാടങ്ങളും, കുന്നുകളും നിറയെ മരങ്ങളും ഉള്ള കേരളമാണ് എന്റെ സ്വപ്നം. ഒരു മനുഷ്യൻ വിചാരിച്ചാൽ നമ്മുടെ കേരളത്തെ തകർക്കാം. എന്നാൽ ആ മനുഷ്യൻ വിചാരിച്ചാലും ഇപ്പോഴത്തെ കേരളത്തെ വീണ്ടെടുക്കാൻ സാധിക്കില്ല. നമ്മുടെ പിൻഗാമികൾ നമുക്ക് നല്ലൊരു കേരളത്തെ തന്നു. എന്നാൽ ഇന്ന് നമ്മുടെ മുൻ തലമുറയ്ക്ക് നമുക്ക് നൽകാൻ കേരളമില്ല. പുതിയൊരു കേരളത്തിന് വേണ്ടി മനുഷ്യൻ ഇന്ന് കഷ്ടപ്പെടുകയാണ്. ഈ വിചാരം ആദ്യമുണ്ടായിരുന്നെങ്കിൽ കേരളത്തിന് ഇന്ന് ഈ അവസ്ഥ ഉണ്ടാകുമായിരുന്നില്ല.

ഇപ്പോഴത്തെ കേരളത്തെ കാണുമ്പോൾ ബാലചന്ദ്രൻ ഇഞ്ചക്കാടിന്റെ കവിതയാണ് എനിക്ക് ഓർമ്മ വരുന്നത്. "ഇനി വരുന്നൊരു തലമുറയ്ക്ക് ഇവിടെ വാസം സാധ്യമോ?" പുതിയൊരു കേരളത്തിന് വേണ്ടി നമുക്കൊന്നിക്കാം.. കൈകോർക്കാം... ചങ്ങമ്പുഴയുടെ രമണനിലെ വരികൾ യാഥാർത്ഥ്യമാവട്ടെ...

***

# മണ്ണും മഴയും

**അലൈജിത്ത**

ഒന്നാം ക്ലാസ്

തൂമ്പയെടുത്തു മണ്ണു കിളച്ചു
മണ്ണ് കിളച്ചു നിലമൊരുക്കി
നിലമൊരുക്കി വിത്ത് വിതച്ചു
വിത്ത് വിതച്ചു വെള്ളമൊഴിച്ചു
വെള്ളമൊഴിച്ചു വിത്ത് മുളച്ചു
വിത്ത് മുളച്ചു വളം ചേർത്തു
വളം ചേർത്തു ഞാറ് വളർന്നു
ഞാറ് വളർന്നു കതിരു വന്നു
കതിരു വന്നു നെൽമണിയായി
നെല്ല് വിളഞ്ഞു നെല്ല് കൊയ്തു
നെല്ല് കൊയ്തു കറ്റ മെതിച്ചു
കറ്റ മെതിച്ചു കതിരു പാറ്റി
കതിരു പാറ്റി നെല്ല് കിട്ടി.

***

**ഉപന്യാസം**

# നവകേരള നിർമ്മിതിയിൽ കുട്ടികളുടെ പങ്കാളിത്തം

**അദ്വൈത്**

എട്ടാം ക്ലാസ്സ്

അടുത്ത തലമുറയെ വളരാൻ സഹായിക്കേണ്ടത് കുട്ടികളാണ്. കാരണം നമ്മൾ പ്രളയം അതിജീവിച്ചവരാണ്. അതു കൊണ്ട് തന്നെ നമ്മൾ പഴയ കേരളം വിടുകയാണ്. പ്രളയം വന്ന് നാശം വിതച്ചതോടെ നമ്മൾ പുതിയ കേരളത്തിലേക്ക് മടങ്ങുകയാണ്. ഇനി നമ്മൾ ചെയ്യേണ്ടത് പുതിയ കേരളത്തെ നല്ലപോലെ സംരക്ഷിക്കണം. നല്ലജീവിതം വേണമെങ്കിൽ നമ്മൾ മരങ്ങൾ നടണം. നമ്മൾ ഈ ജീവിതകാലത്ത് മരങ്ങൾ നട്ടാൽ അത് അടുത്ത തലമുറയ്ക്ക് ഉപകാരപ്പെടും. നമ്മൾ എല്ലായിടത്തും മരങ്ങൾ നടണം അതാണ് നമ്മൾ ചെയ്യേണ്ടത്. പിന്നെ നമ്മൾ തന്നെ മാറണം.

ഫാക്ടറിയിൽ നിന്നുള്ള പുക, പ്ലാസറ്റിക് കത്തിക്കുന്ന തിലൂടെയുള്ള പുക എന്നിവ നമ്മൾ തടയണം. നല്ല വായു ലഭ്യമാക്കണം. ഇപ്പോഴത്തെ ഡൽഹിയെ പോലെ വേറെ ഒരിടത്തും വരാൻ പാടില്ല. കൂടുതൽ വാഹനങ്ങൾ കുറക്കാൻ ശ്രമിക്കുക. ഉദാ.മണ്ണുമാന്തിയന്ത്രങ്ങൾ വന്നതോടെ നവകേരളം നശിക്കുകയായി.

ഭൂമിയുടെ ചോരയില്ലാതായി. ഭൂമി മരിക്കുകയാണ്. നമ്മൾ നമ്മുടെ വീട്ടിൽ തന്നെ വേണ്ട പച്ചക്കറികൾ നട്ടുപിടിപ്പിക്കുക കൂടാതെ വികസനം ഒഴിവാക്കുക. വികസനമാണ് എല്ലായിപ്പോഴും കേരളത്തെ കൊല്ലുന്നത്. ഇതിനെതിരായി നമ്മൾ പ്രതിഷേധിക്കണം. നമ്മൾ മലയാളികളാണ്, നമ്മൾ നമ്മുടെ നാട്ടിൽ നടക്കുന്ന കുറ്റകൃത്യങ്ങൾ തടയണം. നമ്മൾ അധ്വാനിക്കണം. അധ്വാനിച്ച്

നേടിയതിനെ വിലയുള്ളൂ എന്ന് മഹത്തായ  പഴഞ്ചൊല്ലുകളും ഉണ്ട്. നമ്മൾ നാളേക്കു വേണ്ടുന്നതു കൂടി കരുതിവെക്കണം. ഇന്നത്തെതലമുറയ്ക്കു മാത്രം പോരാ..

നമ്മൾ കുട്ടികളാണ്, നമ്മൾ നമ്മുക്കറിയാവുന്നതുപോലെ കേരളത്തിൽ പ്രവർത്തിക്കണം. ക്ലാസ്സിൽ പഠിപ്പിച്ചുതരുന്ന കാര്യങ്ങൾ കേരളത്തിൽ നമ്മൾ ഉണ്ടാക്കണം. ഇതൊക്കെ ആയാൽ ദാരിദ്രരുടെ എണ്ണം കുറക്കണം.സ്വന്തം കൃഷി ചെയ്യ്താലും മതിയാകും.

***

**<u>കവിത</u>**

## വേഗമുറങ്ങൂ

**ഗായത്രി അശോകൻ**
ആറാം ക്ലാസ്

**വേ**ഗമുറങ്ങു മകളേ വെയിൽ
ചായുന്നു കൊന്നപ്പൂപോലെ
അമ്പിളി പൊൻതിടമ്പേന്തും
കരിം കൊമ്പനായ് രാത്രി വരുന്നു

***

**ഓർമ്മക്കുറിപ്പ്**

## പ്രളയം തീരാത്ത കണ്ണീരോർമ്മ...

**രഞ്ജിഷ.പി**

എട്ടാം ക്ലാസ്സ്

കേരളം ഇന്ന് ഉയർത്തെഴുന്നേൽപ്പിന്റെ പാതയിലാണ്. കഴിഞ്ഞ രണ്ടുവർഷങ്ങളിലായി കേരളം പ്രളയക്കെടുതിയിലാണ്. ജാതി–മത വിദ്വേഷങ്ങളൊന്നുമില്ലാതെ കേരളത്തെ ജനങ്ങൾ കൈ പിടിച്ചുയർത്തി. ഇതിൽ കുട്ടികൾക്ക് നല്ല പങ്കുണ്ട്.

നമ്മൾ ഇന്ന് ഭൂമിയോട് ചെയ്യുന്ന ക്രൂരതകളാണ് ഭൂമി നമുക്ക് പ്രളയം, ഭൂകമ്പം പോലുള്ള ദുരിതങ്ങൾ നൽകാൻ കാരണം. പല കാരണങ്ങളാലും നമ്മൾ ഭൂമിയെ വേദനിപ്പിക്കുന്നു. അതിനാലാണ് ഭൂമി നമുക്ക് ഇങ്ങനെയൊരു തിരിച്ചടികൾ നൽകുന്നത്. ഭൂമിയോട് ക്രൂരതകൾ ചെയ്യുന്നത് ഒരാളാണെങ്കിൽ അതിനുള്ള തിരിച്ചടി അനുഭവിക്കേണ്ടത് കുട്ടികൾ അടക്കമുള്ളവരാണ്.

'മുതിർന്നവരെ കണ്ടാണ് കുട്ടികൾ പഠിക്കുക...'എന്ന് പറയാറുണ്ട്. നമ്മൾ ഇന്ന് ചെയ്യുന്നതുപോലെ വരുംതലമുറയും ഇങ്ങനെ ചെയ്താൽ വർഷങ്ങൾക്കുശേഷം ഭൂമി എന്നൊരു ഗ്രഹവും മനുഷ്യൻ എന്ന വംശവും ഇവിടെ ജീവിച്ചിരിക്കില്ല. അതുപോലെ നമ്മുടെ മുൻകാല കവികൾ ഈ പ്രശ്നങ്ങൾ നേരത്തേ കണ്ടറിഞ്ഞവരാണ്. വയലാർ, വള്ളത്തോൾ തുടങ്ങിയവർ ഭൂമിക്ക് വരാൻ പോകുന്ന വിപത്തുകൾ മുൻകൂട്ടി അറിഞ്ഞ് എഴുതിയിട്ടുണ്ട്.

"ഇനി വരുന്നൊരു തലമുറയ്ക്ക്

ഇവിടെ വാസം സാധ്യമോ"–എന്ന് തുടങ്ങുന്ന ഇഞ്ചക്കാട് ബാലചന്ദ്രന്റെ കവിത ഇതിനുദാഹരണമാണ്. അദ്ദേഹമുൾപ്പെടെയുള്ള ഒട്ടനവധി കവികളും കഥാകൃത്തുക്കളും ഇവ മുൻകൂട്ടി കണ്ടവരാണ്. ഇങ്ങനെയുള്ള കഥകളും കവിതകളും നാം വായിക്കുമെങ്കിലും നാം അവയൊന്നും കാര്യമായെടുക്കുന്നില്ല എന്നതാണ് നമ്മുടെ കുഴപ്പം. എങ്കിലും നമ്മളിൽ ചിലരെങ്കിലും അതിനു തുണയുണ്ടെന്നതാണ് ആശ്വാസം.

ഈ കഴിഞ്ഞ പ്രളയത്തിൽ സഹായങ്ങളെത്തിക്കുന്നതിൽ
കുട്ടികൾക്ക് വലിയൊരു പങ്കാളിത്തം തന്നെയുണ്ട്. സ്കൂളുകളിൽ നിന്നും ബാലസംഘങ്ങളിൽ നിന്നും വലിയൊരു തുകയും സാധനസാമഗ്രികളും കുട്ടികൾ സമാഹരിച്ച് നൽകി. കൂടാതെ പ്രളയത്തിനുള്ള കാരണങ്ങളും കുട്ടികൾ മനസിലാക്കി. അതിനായി മരങ്ങൾ നട്ടു പിടിപ്പിക്കുക, കുന്നുകളും വയലുകളും സംരക്ഷിക്കുക, പുഴകൾക്ക് കയർവസ്ത്രം ധരിപ്പിക്കുക, മണ്ണിൽ വെള്ളം ആഴ്ന്നിറങ്ങാൻ വേണ്ടി പ്ലാസ്റ്റിക്കുകൾ ഒഴിവാക്കുക തുടങ്ങിയ പ്രതിവിധികൾ ചെയ്യുന്നു. കൂടാതെ ചില കുട്ടികൾ പ്രകൃതിക്കു സമരം ചെയ്യുകയും ചെയ്യുന്നു. അങ്ങനെയുള്ളവർ നമുക്കു ചുറ്റും തന്നെയുണ്ട്. ഗ്രെറ്റ ത്യൂൻബർഗ്ഗ് എന്ന 18 വയസ്സുകാരിയായ കുട്ടി ഇതിനുദാഹരണമാണ്. നമ്മൾ പുതുതലമുറക്കാർ ഇതുപോലെയുള്ള പ്രകൃതി സ്നേഹികളെയാണ് പാഠമാക്കേണ്ടത്.

കവളപ്പാറ പോലെയുള്ള അനുഭവങ്ങൾ കൺമുന്നിൽ കണ്ടിട്ടും അനുഭവിച്ചിട്ടും തീരാത്ത മനുഷ്യന്റെ ആർത്തി ഇനിയെങ്കിലും തീരട്ടെ. ദൈവത്തിന്റെ സ്വന്തം നാട്ടിൽ ദൈവം ഇനിയും നിലനിൽക്കുമോ?കൺമുന്നിൽ ഓർമ്മയായി മറഞ്ഞുപോയ ഓരോരുത്തർക്കും എന്റെ കണ്ണീർത്തുള്ളികൾ അർപ്പിക്കുന്നു...ഇനിയും ഒരു പ്രളയം വരാതിരിക്കാൻ നമ്മുക്കൊരുമിച്ച് പ്രാർത്ഥിക്കാം...

***

**ബാലകവിത**

# എന്റെ കവിത

**നേഹ**
ഒന്നാം ക്ലാസ്

**അ**ച്ഛ കരഞ്ഞു
നിഹാര കരഞ്ഞു
അമ്മിണി ദയ കാണിച്ചു
ഷഹല ലഡു തിന്നു
അലൈന കരഞ്ഞു
അലൈന ദയ കാണിച്ചു
ഷഹല കരഞ്ഞു
ചിഞ്ചു പാൽ കുടിച്ചു
കുഞ്ചു ഇഞ്ചി കടിച്ചു
അമ്മ പശുവിനെ കറന്നു.

***

**ബാലകവിത**

# എന്റെ ബഡ്ഡു

**ഫസൽ.പി.കെ**
ഒന്നാം ക്ലാസ്

**അ**ച്ചുവിന് ദാഹം തോന്നീ
ജലജ ജനൽ തുറന്നു
അലൈന സത്യം പറഞ്ഞു
നിഹാര സത്യം പറഞ്ഞു
നിതാര സത്യം പറഞ്ഞില്ല
ജലജ ദോശ തിന്നു
ശിവദ എന്റെ ബഡ്ഡു
അലൈജിത്ത ലഡു തിന്നു
നിതാര എന്റെ ബഡ്ഡു
അലൈന എന്റെ ബഡ്ഡു
അച്ചു എന്റെ ബഡ്ഡു.

***

**കവിത**

# ഏഴ് കവിതകൾ

## 1.ഓർമ്മ

**ഗ്രീഷ്മ കെ എം**

ഒൻപതാം ക്ലാസ്

**പു**സ്തകത്താളുകൾ മറിക്കുമ്പോൾ
എന്നിൽ നിറഞ്ഞു നിന്നാധ്യാപകൻ
നിത്യവും തല്ലി പഠിപ്പിക്കുമമ്മയും
എന്നിനും തണലായ് അച്ഛനും
ഒന്നുമുതലിങ്ങോട്ട് പഠിപ്പിക്കുമധ്യാപകരും
എല്ലാമൊരോർമ്മയായാ നിലനിൽക്കുന്നു.

നിത്യവും രാവിലെ ഞങ്ങൾ പ്രാർത്ഥനയായ്
ചൊല്ലി വരുത്തി ഈശ്വരനെ
ആറുമണിക്കൂറും തുണയായീശ്വരൻ വന്നപ്പോൾ
കാലം മറഞ്ഞതറിഞ്ഞില്ല ഞാൻ
പരീക്ഷ നാളുകളിൽ എന്നിനുള്ളിൽ
ഭയം നിറയുമ്പോൾ വിശ്വാസം
പകർന്നു തരും മിത്രങ്ങൾ

ഓരോ മത്സരങ്ങളിലും അധ്യാപക–
രെന്നെ പേർത്തപ്പോൾ

ഞാനോർത്തു എന്തു ഭാഗ്യവതിയാണ്
ഞാനെന്ന്, ഞങ്ങളെ ദുഃഖത്തിലാഴ്ത്തി
അവരെല്ലാം പടിയിറങ്ങുമ്പോൾ
ഒരു നിമിഷം വരെ പിടിച്ചുനിർത്തി,
ഞാനെന്റെ വിരഹങ്ങളെ
ഇതെല്ലാം ഒരോർമ്മയായ്
പ്രപഞ്ചത്തിൽ നിലകൊള്ളുന്നു.

## 2. മാതൃ ഹൃദയം

**അ**മ്മയുടെ ചൂടാറാതെ
അമ്മിഞ്ഞയുടെ മണം മാറാതെ
കുറച്ചുനാൾ കഴിഞ്ഞപ്പോൾ
അമ്മയുടെ പ്രിയതമ പിണങ്ങിപ്പോയി
എന്നന്നേക്കുമായി അമ്മേ വിട്ട് പോയി
സ്വർഗ്ഗവാതിൽ തുറക്കപ്പെട്ടു
ഇടിമുഴക്കത്താൽ
അമ്മയെ പിരിഞ്ഞവൾ നാകത്തേക്ക്
എന്നന്നേക്കുമായി അമ്മേ വിട്ട് പോയി
അത്രമേൽ തളർന്നമ്മ
ഹൃദയം പൊട്ടിക്കരഞ്ഞവൾ
ഭ്രാന്തിയെപ്പോലെ അലഞ്ഞു
ഹൃദയത്തിൽ ഒരു തീരാ–

ക്കരടായി പ്രിയതമമാറിയപ്പോൾ
അമ്മയ്ക്കീശ്വരൻ സമ്മാനിച്ച
വേറെയൊരു മലർ മുത്തിനെ
അവൾക്കായി തീർത്തമ്മ
ഒരു നല്ല ജീവിതം
അമ്മയുടെ ഹൃദയത്തിൽ
വീണ്ടുമൊരു പൂക്കാലം വന്നുമെത്തി.

***

## 3.<u>ആദരാഞ്ജലികൾ</u>

**മ**നുഷ്യൻ ജീവനറ്റു വീഴും കണക്കെ
വീഴുകയാണിവിടെ ഭൂമി
നിനക്കായി ഒ.എൻ.വി എഴുതി
ഒരു ചരമഗീതം
ഒ.എൻ.വി തൻ ചരമഗീതവും കേട്ട്
നീ സമാധാനത്തിൽ ശയിക്കുമ്പോൾ
പുഴതൻ ജീവൻ നിലച്ചു..........
പക്ഷികൾതൻ പാട്ടും കേൾക്കാതായി
ശുദ്ധവായു മാറി ,അതിൽ
ഒരു കൂട്ടം പൊടിപടലങ്ങൾ നിറഞ്ഞു.
കൊടും ക്രൂരനായ മനുഷ്യനെ
പെറ്റിട്ടു നീയെങ്കിലും

സ്വാർത്ഥരായ മാനവർ നിന്നെ മാതാവായി കാണുന്നില്ല
സ്വന്തം മാതാവിനെ പോലും
കൊന്നിടുന്ന രാക്ഷസനാണ് മനുഷ്യൻ
ഈ മനുഷ്യൻ തന്നെ നിനക്കായി
ചിതയൊരുക്കീടുമ്പോൾ
എൻ എഴുത്തുകളാൽ അമ്മേ നിനക്കായി
ഒരായിരം ആദരാഞ്ജലികൾ....

## 4. കഴിവ്

**എ**ന്നിലുള്ളിൽ ഉറങ്ങിക്കിടക്കുന്ന
കഴിവെ... ഉയർന്നെഴുന്നേറ്റാലും
നിന്നെയെനിക്കാവശ്യമുണ്ട്
നിന്നിലാണെന്റെ ഭാവി
മനസ്സിൽ കുളിർ മഴയായി
കവിത പെയ്തൊഴിയും നാളുകളിൽ
ഞാനൊരു കൊച്ചു കവയിത്രിയാകും
കവിതയാണെന്റെ മിത്രം
ഞാൻ കവിതയിൽ വിശ്വസിക്കുന്നു
കഴിവുകളേ ഒന്ന് എഴുന്നേൽക്കു
കവിതയായി മനസ്സിൽ പെയ്താലും
മനസ്സിൽ ഒരു പച്ചപ്പായി
തലപൊക്കി കവിത ജനിക്കുന്നു
ആ കവിതയിൽ ഞാൻ ജീവിക്കുന്നു

കഴിവുകളേ നിങ്ങളെഴുന്നേൽക്കൂ...

## 5. കിനാവ്

**കി**നാവിൽ വന്നൊരു കാറ്റിൽ
ഞാനെങ്ങോ മറഞ്ഞു
രാവിൽ പാടി രാപ്പാടി
ആ ഈണത്തിൽ ഞാൻ
ഇരുളിൽ നടന്നു
എനിക്ക് കൂട്ടായ് ഒരു
രാത്രിമഴ പെയ്തിറങ്ങി
ഞാനന്ന് മഴതൻ ഈണത്തിൽ
നൃത്തം വച്ചു.
കറുത്ത ആട്ടിൻ പറ്റം
ഓടി ചന്ദ്രനെ വിഴുങ്ങി
ഒരു താര ജ്വാല എൻ കണ്ണിൽ മറഞ്ഞു,
ആട്ടിൻകുട്ടികൾക്കിടയിൽ നിന്ന്
പുറത്തു ചാടി ഒരു താരം എനിക്ക് കൂട്ടായ്
പുഴകൾ എനിക്കു താരാട്ടും പാടി
മരങ്ങൾ എന്നെ തൊട്ടിലാട്ടി
കൺപോളകൾ മെല്ലെമെല്ലെയടഞ്ഞു
പെട്ടന്നറിഞ്ഞു ഞാൻ കിനാവാണെന്ന്
അശ്രുക്കളിലൂടെ വിരലോടിച്ചു
ഞാനാ രാത്രിയിൽ.

# 6. ഓണം

പുഞ്ചിരിയിൽ കടഞ്ഞെടുത്തൊരു
ഓണനിലാവെത്തിയല്ലോ...
ആഹ്ലാദത്തിമിർപ്പിൽ പൂക്കൾ വിരിഞ്ഞു
മുറ്റമായ മുറ്റമെല്ലാം പൂക്കളത്താൽ
നിറഞ്ഞിടുന്നു...

സന്തോഷ നിലാവിലാടും വീടുകളിൽ
കുട്ടികളോണപരീക്ഷ കഴിച്ചുകൂട്ടി.
ദശനാൾ വിദ്യാലയം പൂട്ടിയല്ലോ
ഓണത്തെ വരവേൽക്കാൻ
കുട്ടികളും തയ്യാറായി...

പൂക്കൾ തേടിയോടി കാനനത്തിലേക്ക്
പുല്ലിൽ കോർത്ത മഴയുടെ വജ്രക്കല്ലിൽ
തലോടി പൂക്കൾ ശേഖരിച്ച് പൂക്കുടയിൽ
മരത്തൊട്ടിലാട്ടി മെല്ലെ മഴയുണ്ടാക്കി
പൂക്കളാൽ സമൃദ്ധമായ മരത്തൊട്ടിലാട്ടിയപ്പോൾ
പൂക്കൾ വർഷിച്ചു മഞ്ഞുപോലെ

തിരുവോണമെത്തിയപ്പോൾ
വലിയ പൂക്കളം സൃഷ്ടിച്ചു മുറ്റത്തിൽ
തുശനില വിരിച്ചതിൽ തുമ്പപ്പൂ

ചോറു വിളമ്പി
പലനിറം പൂക്കൾ പോലെ കറിയുമെത്തി
ഏവർക്കുമൊപ്പമിരുന്ന് സദ്യകഴിച്ചു.

മരക്കൊമ്പിൽ ഊഞ്ഞാലിട്ടു
മാരുതനോടൊപ്പം ഊഞ്ഞാലാടി ഞാനും
ഒരു നല്ല ഓണം കഴിഞ്ഞു
ഒരു കൂട്ടം സന്തോഷത്താൽ
ഇനി കാത്തിരിക്കേണം ഓണത്തിന് ഒരാണ്ടുകൂടി.

## 7.<u>സംരക്ഷകർ</u>

വീട്ടിലെ തിണ്ണയുടെ മൂലയ്ക്കുള്ള
ചാരുകസേരയിലിരുന്ന് രാമനാമം
ഇടവേളകളില്ലാതെ ജപിക്കുന്ന മുത്തശ്ശി
അടുത്തേതോ ദിക്കിൽ നിന്നപ്പോൾ
മുത്തശ്ശി..എന്നൊരു നീണ്ടവിളി കേൾക്കെ
അപ്പുറം മലയിലിടിച്ചാ വിളി
ആയിരംമുത്തായി ചിതറിവീണു
വടക്കേമൂലയ്ക്കുള്ള തേൻമാവിൻ കൊമ്പിൽ നിന്ന്
ഉണ്ണിയിങ്ങി ചിണുങ്ങി കരഞ്ഞുകൊണ്ട്
വീട്ടുപടിക്കൽ വന്നിരുന്നു
മുത്തശ്ശീ ആ ചോണനുറുമ്പ്ം കൂട്ടരും
എന്നെ കടിച്ചു നൊമ്പലിച്ചു...

എനിക്കാ ചോണെയും കുട്ടരെയും കൊല്ലണം
എന്ന് പറഞ്ഞു കൊണ്ടുണ്ണി അടുക്കളയിലേക്കോടി.
അമ്മയോട് കരച്ചിലും പിഴിച്ചലുമായി.
അടുക്കളയിൽ നിന്നവൻ ഓടി,
പുളിയനുറുമ്പിനെ ചുട്ടെരിക്കാൻ
അരുതുണ്ണീ....അരുത്....നീയവരെ കൊല്ലരുത്
അവർ നിന്റെ മാവിന്റെയും മാങ്കനികളുടെയും
ഉറ്റകൂട്ടുകാർ പിന്നെ സംരക്ഷകരും....
അങ്ങനെ പറഞ്ഞാലൊക്കുകയില്ല....
എനിക്കാ കൂട്ടിലെ പക്ഷിയെപ്പിടിക്കണ്ടേ....
എന്ന് പറഞ്ഞവനാ പക്ഷിക്കൂട്ടിലേക്ക് കൈ ചൂണ്ടി
വരും തലമുറയ്ക്കുള്ള കാത്തിരിപ്പിലാണാ
കിളിയും ഇണയും....
അവളുടെ ചിറകിന്റെ ചൂടിൽ ഉറങ്ങുന്നവളുടെ
കുഞ്ഞു മുട്ടകൾ നാലെണ്ണം....
അരുതുണ്ണി നീയാ കിളിമകളെ പിടിക്കുത്
അവളുടെ മുട്ടകളെടുക്കരുത്
പട്ടിക്കുട്ടീ....ജിമ്മീ
നീയവനെ പേടിപ്പിക്കരുത്
പൂച്ചക്കുട്ടീ കുഞ്ഞുമോളേ നീയവളെ കൊല്ലരുത്.
നിങ്ങൾ മൂവരും അവരെ ഭയപ്പെടുത്തിയാൽ
അവളുടെ ചിറകിനടിയിൽ ഞാനിനിയൊരു
ഭാവി തലമുറയെ കാണുന്നില്ല...
അക്കരെ മഞ്ചാടിമലയിൽ നിന്ന്

അഭയം തേടി വന്ന അഭയാർത്ഥികളിവർ...
മനുഷ്യന്റെ സൃഷ്ടിയാം യന്ത്രകൈകളും
മനുഷ്യന്റെ രാക്ഷസ ബുദ്ധിയും കൂടി
എത്ര മലകളെ കൊന്നു? എത്ര മരങ്ങളെ വെട്ടിമാറ്റി?
ഇങ്ങനെയിത്തരം പ്രവർത്തികളിനിയും തുടർന്നാൽ
പിന്നെങ്ങനെ അവളുടെ ചിറകിനടിയിൽ
പുതുതലമുറ വിരിയും?
പറയൂ ഉണ്ണീ നീയാ ഉറുമ്പിൻകൂട്ട്
ചുട്ടെരിക്കല്ലെന്ന്...
ആ കിളിമകളെ പിടിക്കല്ലെന്നും...
ആ ഉറമ്പുകൾ അവളുടെ മിത്രങ്ങൾ
അവരാ കൂടിന്റെയും മാവിന്റെയും സംരക്ഷകർ....

****

**കവിത**

# <u>മരം</u>

**ആരാദ്യ രാജ്.എം**
നാലാം ക്ലാസ്സ്

**എ**ന്റെ ജീവ വായുവാം മരമേ നീ
എങ്ങ് പോയ് നീ എങ്ങ് പോയ്
നീ ഇല്ലെങ്കിൽ നാം ഇല്ല
എൻ ജീവ വായുവാം മരമേ നീ
ജീവിക്ക നീ മണ്ണിനു മേലെ
തരുവിൻ നീ നമുക്ക് വായു,
തരുവിൻ ഫലവർഗങ്ങൾ
നീ ഇല്ലെങ്ങിൽ കുളിർ മഴയില്ല
നമ്മെ  രക്ഷിക്കും നീയാണ്....
നമുക്ക് ദൈവം നീയാണ്.

***

**ഉപന്യാസം**

# നവകേരള സൃഷ്ടിക്കായി...

**സ്വാതി ലക്ഷ്മി**

എട്ടാം ക്ലാസ്സ്

ഒട്ടനവധി നാശങ്ങൾ വിതച്ചു കൊണ്ട് 2018,19 വർഷങ്ങളിൽ രണ്ടു വലിയ പ്രളയങ്ങൾ നമ്മുടെ മുന്നിലൂടെ കടന്നുപോയി. പ്രളയത്തിന്റെ ഫലമായി കേരളത്തിന് വളരെയെറെ പ്രശ്നങ്ങളും ബുദ്ധിമുട്ടുകളും അനുഭവിക്കേണ്ടി വന്നു. എങ്കിലും മനുഷ്യന് നിരവധി പാഠങ്ങൾ പകർന്നുനൽകിയാണ് പ്രളയം കടന്നു പോയത്. ഓണം ,വിഷു എന്നീ ഉത്സവങ്ങൾ പോലെ 2 വർഷങ്ങളിലായി ആഗസ്റ്റ് മാസത്തിൽ പ്രളയം നാശം വിതയ്ക്കാൻ തുടങ്ങി. പ്രളയത്തിന് ഒരേയൊരു കാരണമേയുണ്ടായിരുന്നുള്ളൂ–പരിസ്ഥിതി നശീകരണം.

കേരളം ഇപ്പോൾ പുനർനിർമ്മാണത്തിന്റെ പാതയിലാണ് നിരവധി രാജ്യങ്ങളിൽ നിന്നും സംസ്ഥാനങ്ങളിൽ നിന്നും സഹായ ഹസ്തങ്ങൾ ഉയർന്നു വന്നു. കൂടാതെ കേരളജനതയുടെ ഒറ്റക്കൊട്ടായുള്ള പ്രവർത്തനവും കേരളത്തിന്റെ പുനർനിർമ്മിതിയെ സഹായിച്ചു. കേരളത്തിന്റെ നിർമ്മിതിൽ കുട്ടികളായ നമുക്കും ഒട്ടനവധി കാര്യങ്ങൾ ചെയ്യാൻ കഴിയും. ഗ്രേറ്റട്വിൻബർഗിനെപ്പോലെ പരിസ്ഥിതിക്കുവേണ്ടി ഒരു ദിവസം നമുക്ക് മാറ്റിവയ്ക്കാൻ കഴിയും. പ്രകൃതിക്കുവേണ്ടി സംസാരിക്കാൻ കഴിയും.

മാധവ് ഗാഡ്ഗിലിന്റെ 2013–ൽ വന്ന റിപ്പോർട്ടിൽ കോറകൾ പരിസ്ഥിതിക്ക ദോഷമാണെന്നും ഇങ്ങനെ കോറകളുടെ പ്രവർത്തനം തുടർന്നാൽ 5 വർഷത്തിനുള്ളിൽ കേരളത്തിൽ പ്രളയം ഉണ്ടാവുമെന്നും പറയുന്നുണ്ട്. മാധവ് ഗാഡ്ഗിലിന്റെ റിപ്പോർട്ട് പ്രകാരം കൃത്യം 5 വർഷങ്ങൾക്കുശേഷം 2018 ആഗസ്റ്റിൽ പ്രളയം കേരളത്തിൽ നാശം വിതയ്ക്കാൻ എത്തി.

ഇതുപോലെ  മലകളുടെ ഹൃദയം തുരന്നുള്ള കോറകളുടെ നിർമ്മാണത്തെ നമ്മൾ കുട്ടികൾക്ക് ഒറ്റക്കെട്ടായി നിന്ന് തടസ്സപ്പെടുത്താം.

ഓരോ മരം മുറക്കുമ്പോഴും ഒന്നിനു പകരം പത്ത്  എന്ന കണക്കിന്  തണലും ശുദ്ധവായുവും  ഔഷധ ഗുണവുമുള്ള മരങ്ങൾ അനുയോജ്യമായ സ്ഥലത്ത് വച്ചു പിടിപ്പിക്കാം. കൂടാതെ നഗരങ്ങളിലെ വായു മലിനീകരണം തടയാനായി റോഡുകളുടെ വശങ്ങളിൽ മരങ്ങൾ വച്ചുപിടിപ്പിക്കാം. മരങ്ങൾ വച്ചുപിടിപ്പിക്കുന്നതിലൂടെ ഏതാണ്ട് പ്രശ്നങ്ങളെല്ലാം നമുക്ക് തീർക്കാം. മനുഷ്യന്റെ അശാസ്ത്രീയമായ കൃഷിയും കെട്ടിട നിർമ്മാണങ്ങളും കൂട്ടമായി ചേർന്ന് അവസാനിപ്പിക്കുന്നതോടെ നമ്മുടെ പകുതി പ്രശ്നങ്ങളും ഇല്ലാതാക്കാം.

നവകേരള നിർമ്മിതിയിൽ കുട്ടികൾക്ക് ഇനിയും ഒരുപാട് കാര്യങ്ങൾ ചെയ്യാം. പ്രളയത്തിൽ വീടും സാധനങ്ങളുമെല്ലാം നഷ്ടപ്പെട്ട നിർധനർക്ക് നമ്മളാൽ കഴിയും വിധം സഹായങ്ങൾ  നൽകാം. കുട്ടികൾ നാളേയുടെ വാഗ്ദാനങ്ങളാണ്. പ്രളയം നമുക്ക് ഒരുപാട് നല്ല കാര്യങ്ങൾ സമ്മാനിച്ചു. മറ്റുള്ളവരെ സഹായിക്കാൻ എല്ലാവർക്കും മനസ്സുണ്ടാവട്ടെ. നമ്മുക്ക് നമ്മളാൽ കഴിയും വിധം എല്ലാ സഹായങ്ങളും പ്രളയ ബാധിതർക്ക് നൽകാം.

നമ്മുടെ നാട്ടിൽ ആദ്യം അവസാനിപ്പിക്കേണ്ടത് വികസനം എന്ന ചിന്താഗതിയാണ്. എല്ലാവരുടെയും വിചാരം നഗരങ്ങളുടെ നിർമ്മിതിയാണ് വികസനം എന്നാണ്. എന്നാൽ നെൽക്കതിരുകൾ തലയാട്ടുന്ന പാടങ്ങളുടെ നിർമ്മിതിയും വികസനം തന്നെയാണ്. മനുഷ്യന്റെ പല ചിന്താഗതികളും അവസാനിപ്പിച്ചാൽ മാത്രമേ കേരളത്തെ പുനർസൃഷ്ടിക്കാൻ കഴിയുകയുള്ളൂ.

വെള്ളപ്പൊക്കം,ഉരുൾപൊട്ടൽ തുടങ്ങിയ പ്രകൃതി കോപങ്ങൾക്ക് ഇരയായ എല്ലാ ജനങ്ങൾക്കും എന്റെ ഒരു പിടി കണ്ണീർ പൂക്കൾ അർപ്പിക്കുന്നു. ദൈവത്തിന്റെ സ്വന്തം നാട്ടിൽ ദൈവപുത്രി പ്രകൃതിയുടെ കോപത്താൽ രൂപം കൊണ്ട പ്രളയം കേരളജനതയുടെ മനസ്സിൽ

മായാത്ത ഓർമ്മയായി നിലനിൽക്കും. പടിഞ്ഞാറ് അറബിക്കടലിനും കിഴക്ക് സഹ്യപർവ്വതത്തിനും ഇടയിലായി സ്ഥിതിചെയ്യുന്ന കേരളത്തിൽ അതിവിനാശകരമായ പ്രളയം ഉത്ഭവിച്ചിരിക്കുകയാണ്. ആ പ്രളയത്തെ നമുക്ക് ഒറ്റക്കെട്ടായി നിന്ന് അതിജീവിക്കാം.

ഇനിയൊരു പ്രളയം ഉണ്ടാകാതിരിക്കാൻ അടുത്ത തലമുറയ്ക്കുവേണ്ടി നാളത്തെ പൗരൻമമാരായ നമ്മൾ കുട്ടികൾ ഒട്ടനവധി പരിശ്രമങ്ങൾ നടത്തേണ്ടതുണ്ട്. കുട്ടികളായ നമ്മൾ പ്രളയം അവസാനിപ്പിക്കണം. ഇനിയൊരു പ്രളയം ഈ കേരളത്തിൽ ഒരു തുടർക്കാഴ്ച്ചയാവരുത്. മാധ്യമങ്ങൾക്കുള്ള ഇരയാവരുത്.

****

**ബാലകഥ**

# ചിന്നുക്കുരുവിയുടെ പിറന്നാൾ

**നോഹ**
ഒന്നാം ക്ലാസ്

**ചി**ന്നുക്കുരുവിയുടെ പിറന്നാളാണ്. പുത്തനുടുപ്പിട്ട് പൊട്ടു തൊട്ട് അവൾ അണിഞ്ഞൊരുങ്ങി.

ടക്..ടക്..ടക്...ചിന്നു കതക് തുറന്നു.

"മിന്നു തത്ത, കുറുമ്പി കാക്ക, പൂവാലൻ അണ്ണാൻ, പുള്ളിക്കുയിൽ, മിട്ടുക്കുരങ്ങ് ആഹാ എല്ലാവരുംഉണ്ടല്ലോ"– അവൾ ചോദിച്ചു.

"പിറന്നാൾ സദ്യ ഉണ്ടാക്കാൻ ഞങ്ങളും കൂടട്ടേ"– കൂട്ടുകാർ ചോദിച്ചു.

"അതിനെന്താ... പക്ഷെ സാധനങ്ങൾ കുറവാണ്"–അവൾ പറഞ്ഞു.

"അതിനാണോ വിഷമിക്കുന്നത്. ഞങ്ങൾ ആവശ്യത്തിന് സാധനങ്ങളുമായി വരാം"–കൂട്ടുകാർ മറുപടി പറഞ്ഞു

കൂട്ടുകാർ സാധനങ്ങളുമായി തിരിച്ചെത്തി.

അവർ പിറന്നാൾ സദ്യ ഒരുക്കി.

എല്ലാവരും ഒരുമിച്ചിരുന്ന് സദ്യ ഉണ്ടു.

***

**ഉപന്യാസം**

# നവകേരളം

**അനന്യ.കെ**
പത്താം ക്ലാസ്സ്

ഇന്ന് നവംബർ ഒന്ന്. കേരളത്തിന്റെ അറുപത്തി രണ്ടാം ജൻമദിനം.നമ്മളെ സംബന്ധിച്ചിടത്തോളം മഹാപ്രളയത്തിനുശേഷമുള്ള കേരളത്തിന്റെ ഒന്നാം ജൻമദിനം. മാവേലി നാടുവാണീടും കാലം പോയ് മറഞ്ഞതിനു ശേഷം തിൻ്മ നിറഞ്ഞ കേരളത്തിലെ മനുഷ്യർക്ക് ദൈവം കൊടുത്ത ശിക്ഷയാണ് കേരളമെമ്പാടും നശിപ്പിക്കാനെത്തിയ മഹാപ്രളയം. ഇന്നെല്ലാവരും ദുരിതാശ്വാസ ക്യാമ്പിൽ നിന്നും സ്വന്തം വീട്ടിൽ വീണ്ടും തിൻമകൾ ആവർത്തിക്കാതിരിക്കാനാകും പ്രകൃതി ഇങ്ങനെ ക്ഷോഭിച്ചത്. ഒത്തുപിടിച്ചാൽ മലയും പോരും എന്ന് നമ്മൾ തെളിയിച്ചു. ആ ദിനങ്ങൾ കടന്നു പോയി. ഇനി നവകേരളസൃഷ്ടിക്കായി നമമളാദ്യം നമ്മുടെ തിൻമകളെ ഇല്ലാതാക്കുക. ജാതിമത ഭേദമന്യേയുള്ള വർഗീകരണവും മറ്റ് ക്രൂരതകളും ഇല്ലാതാക്കുക.

നവകേരളത്തിൽ വലിയവനും ചെറിയവനും എന്ന വ്യത്യാസമില്ലാതെ നമുക്കെല്ലാവർക്കും ഒരുമിച്ച് ജീവിക്കാം.

***

**കവിത**

# <u>മഞ്ഞു തുള്ളി</u>

**ശ്രീലക്ഷ്മി.കെ**
ആറാം ക്ലാസ്

**പോ**കല്ലേ! പോകല്ലേ! ഞങ്ങളെ കൈവിട്ട്
നാകത്തേക്കെൻ മഞ്ഞുതുള്ളികളേ.
പുല്ലുകളെങ്ങുമേ നിങ്ങളാൽ മിന്നുന്നു
കാൽമുടി ചൂടിന റാണിമാരായ്.
സൂനങ്ങൾ നിങ്ങളാലേന്തുന്നു നിർഭര –
മാനന്ദ ബാഷ്പവും പുഞ്ചിരിയും...

***

കവിത

# പ്രകൃതി സുന്ദരി

**ആർദ്രാരാജ്.എം**
ഒമ്പതാം ക്ലാസ്

എത്ര സുന്ദരമീ പ്രകൃതി
നമ്മുടെ സുന്ദരിയാം പ്രകൃതി
മലരണി കാട്ടുകളും കാട്ടു–
പൂഞ്ചോലയൊഴുകും മേട്ടുകളും
എത്ര സുന്ദരമീ പ്രകൃതി

അരുവിയിലെ കളകളനാദം
കേൾക്കാനെന്തൊരു സുഖമാ....
മരങ്ങളിൽ പൂവായ് സ്വർണ്ണം വിതറി
പിന്നെ കായായ് മാറും
മായാജാലം കാട്ടും
മന്ത്രവാദിനി പ്രകൃതി

സുന്ദരിയായൊരു പ്രകൃതിയിത്
നമ്മുടെ സുന്ദരമായ ഭൂമിയിത്
പ്രകൃതിയൊരു ദേവതയല്ലോ
ഭൂമിയിൽ കനിഞ്ഞു വന്ന ദേവതയല്ലേ
എത്ര സുന്ദരമീ പ്രകൃതി
നമ്മുടെ സുന്ദരിയാം പ്രകൃതി

***

**ആസ്വാദനക്കുറിപ്പ്**

## പൂച്ചക്കുട്ടികളുടെ വീട്

**ഗായത്രി അശോകൻ**
ആറാം ക്ലാസ്

പ്രസിദ്ധാ കഥാകൃത്ത് ടി.പത്മനാഭന്റെ പ്രസിദ്ധാമായ കൃതിയാണ് 'പൂച്ചക്കുട്ടികളുടെ വീട്.' എന്നത്. വ്യക്തികളോടും കഥാകാരനുള്ള സ്നേഹമാണ് ഈ കഥയിൽ നിറഞ്ഞ് നിൽക്കുന്നത്.

ഗുരു സ്മരണ, ഗുൽ മുഹമ്മദ്, ഗോട്ടി, പൂച്ചക്കുട്ടികളുടെവീട്, മഞ്ഞ നിറമുള്ള റോസാപ്പൂവ് എന്നീ കഥകളാണ് ഈ സമാഹാരത്തിൽ. ഓരോ കഥയും നാം അറിയാത്ത ഒരു പുതിയ അനുഭവമായി മാറുന്നുണ്ട്. അതോടൊപ്പം കാവ്യാത്മകമായഉൾകാഴ്ച്ച പ്രകടിപ്പിക്കുകയും ചെയ്യുന്നു.

ഇതുവരെ കഥകൾ മാത്രമേ എഴുതിയിട്ടുള്ളു എന്നത് അദ്ദേഹത്തിന്റെ ഒരു പ്രത്യേകതയാണ്. പ്രകാശം പരത്തുന്ന പെൺകുട്ടി, കടൽ, ഗൗരി, നളനകാന്തി തുടങ്ങിയ പ്രസിദ്ധാ കൃതികളും ഇദ്ദേഹത്തിന്റെ രചനയാണ്.

***

**കവിത**

# പ്രാണന്റെ വെള്ള നൂൽ

**ഹൃദിക**

ഏഴാം ക്ലാസ്

**എ**ന്റെ പ്രാണനായിരുന്നു
വെള്ളനൂൽ
ഒരു ചുവന്ന നൂൽ
പ്രവർത്തനം നിന്നാൽ
അവളും നിശ്ചലം...
കാലങ്ങൾ മറഞ്ഞപ്പോൾ
ആരുടെയോ ഉടുപ്പിൽ നിന്നും
തെന്നിമാറിയ അപരിചിതമാം
വെള്ളനൂൽ...
അപ്പൂപ്പൻ താടിയെപ്പോലെ
പാറി നടന്നു
ഒടുവിൽ അവളൊരു നക്ഷത്രവും...

***

**കവിത**

# കാത്തിരുപ്പ്

**സിൻജന സുധീഷ്**
ഒമ്പതാം ക്ലാസ്സ്

വാനമേ നീയെന്താണ് കരയാത്തതെന്നൊരു
വയലാം പെൺകൊടി ചോദിച്ചു
നിന്നുടെ വരവിനായ് കേഴുന്നു ഞങ്ങൾ.
ആശ്രിതരാം ഞങ്ങളെ വിരഹത്തിലാഴ്ത്താതെ
ഒന്നു പെയ്തിറങ്ങിയാലും എൻ പ്രിയ വാനമേ നീ...
നിൻ കുളിർ ജലത്തിനായ് കേഴുന്നു നദികൾ
നിൻ കുളിർ സ്പർശത്തിനായി മോഹിക്കുന്നു തരുക്കൾ
നിൻ ഗാനം കേൾക്കാൻ കാതോർക്കുന്നു കിളികൾ
നിന്നുടെ കൂടെ ഉല്ലസിച്ചാടാൻ കൊതിക്കുന്നു കുട്ടികൾ
മഴയേ നീയൊന്നു തിമിർത്തു പെയ്യാൻ
ഇവിടെ സർവ്വരും കാത്തിരിക്കുമ്പാൾ
നിനക്കൊന്നു തിമിർത്തു പെയ്തുകൂടേ...
നിന്നുടെ വരവിനായി കേഴുന്നു
ഞങ്ങളൊരു വേഴാമ്പലായി കാത്തിരിക്കുന്നു...
നീയൊന്നു പെയ്താലും പ്രിയ കൂട്ടുകാരീ.....

***